"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എടവണ്ണ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഫാസിൽഷാ ഐ.യെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കൽ - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. (ഇകെഎം) 1808/2019-ന്മേലുള്ള 23.10.2019-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.258/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 31/01/2020

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 22.08.2019-ലെ PAN/10517/2019-D 4(DP) നമ്പർ നടപടിക്രമങ്ങൾ

2 ശ്രീ. ഫാസിൽഷാ ഐ. സമർപ്പിച്ച 08.10.2019-ലെ അപ്പീൽ അപേക്ഷ (അനക്ഷർ എ2)

3 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. (ഇകെഎം) 1808/2019-ന്മേലുള്ള 23.10.2019-ലെ വിധിന്യായം

4 പഞ്ചായത്ത് ഡയറക്ടറുടെ 07.12.2019-ലെ PAN/10517/2019-D 4(DP) നമ്പർ കത്ത്

## ഉത്തരവ്

പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) ഉത്തരവിനെതിരെ എടവണ്ണ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഫാസിൽ ഷാ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 1808/2019-ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പരാമർശം (2) അപേക്ഷ പരിശോധിച്ച് അപേക്ഷകനെ നേരിൽ കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. ഫാസിൽ ഷായെ 09.12.2019-ൽ നേരിൽ കേട്ടു.

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ ഉണ്ടായ മഴക്കാലക്കെടുതിയിൽ ദുരന്തനിവാരണത്തിന് നേതൃത്വം നൽകാതെയും അസിസ്റ്റന്റ് സെക്രട്ടറിക്ക് ചുമതലകൾ കൈമാറാതെയും സെക്രട്ടറി ശ്രീ. ഫാസിൽഷാ ഐ. 07.08.2019-ൽ സ്റ്റേഷൻ വിട്ടുപോയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകേണ്ട സെക്രട്ടറി തന്റെ ചുമതലകൾ പാടെ വിസ്മരിച്ച് ഗുരുതരമായ കൃത്യവിലോപം നടത്തിയതായും കൂടാതെ എടവണ്ണ ഗ്രാമപഞ്ചായത്തിലെ കണ്ടുതോട് വാർഡിൽ നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്ന സ്റ്റോൺ ക്രഷർ യൂണിറ്റിൽ ലാന്റ് ഡെവലപ്മെന്റ് പ്രവർത്തികളും പ്ലാൻ പ്രകാരമുള്ള പ്രവർത്തികളും പൂർത്തീകരിക്കുന്നതിനുമുമ്പ് നമ്പർ അനുവദിക്കുകയും എടവണ്ണ ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ കെ.പി.ബി.ആർ. ചട്ടലംഘനം നടത്തി നിർമ്മിച്ച വാണിജ്യ കെട്ടിടത്തിലെ 5 മുറികൾക്ക്

നമ്പർ അനുവദിച്ചതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം സെക്രട്ടറിയായിരുന്ന ശ്രീ. ഫാസിൽഷാ ഐ.യെ സേവനത്തിൽ നിന്നും പഞ്ചായത്ത് ഡയറക്ടർ സസ്പെന്റ് ചെയ്യുകയുണ്ടായി..

നേരിൽ കേട്ടവേളയിൽ ശ്രീ. ഫാസിൽ ഷാ ലഭ്യമാക്കിയ മറുപടിയിൽ 07.08.2019 രാത്രിയോട് കൂടി കാലവർഷം രൂക്ഷമാവുകയും 08.08.2019-ൽ ഓഫീസിൽ ഹാജരായ താൻ മേലധികാരികളുടെ നിർദ്ദേശാനുസരണം കാലവർഷക്കെടുതി സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിൽ വെള്ളം കയറിയ താഴ്ന്ന പ്രദേശങ്ങളിൽ സഞ്ചരിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ഓഫീസിൽ അത്യാവശ്യം നൽകേണ്ട സർട്ടിഫിക്കറ്റുകൾ, ലൈസൻസ്, കെട്ടിട നമ്പർ എന്നിവ നൽകിയിട്ടുമുണ്ടെന്നും അറിയിച്ചിട്ടുണ്ട്. രാത്രിയായപ്പോൾ താൻ താമസിച്ചിരുന്ന ജമാലങ്ങാടിയിലെ ലോഡ്ജ് ബിൽഡിംഗിലുള്ള സെല്ലാർ ഫ്ലോറിലുള്ള തന്റെ റൂമിലേക്ക് മലിനജലം കയറിത്തുടങ്ങുകയും പെട്ടെന്ന് തന്നെ വസ്ത്രങ്ങളും മറ്റും എടുത്തുകൊണ്ട് ഒന്നാം നിലയിലേക്ക് താമസം മാറ്റുകയും ചെയ്തുവെന്നും പിറ്റേന്ന് (09.08.2019) രാവിലെ മുറിയിൽ നിന്നും പുറത്ത് ഇറങ്ങാൻ കഴിയാത്തവിധം പ്രളയജലത്തിൽ മുങ്ങിയതിനാൽ കെട്ടിടത്തിന്റെ മുകൾ നിലയിൽ തന്നെ അന്നേദിവസം കഴിച്ചുകൂട്ടേണ്ടി വന്നുവെന്നും തുടർന്ന് 10.08.2019 (രണ്ടാം ശനിയാഴ്ച) രാവിലെ 8 മണിക്ക് തന്നെ ഓഫീസിലെത്തിയെന്നും ബോധിപ്പിച്ചിട്ടുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ട സഹായം നൽകിക്കൊണ്ട് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും പോലീസ് സേനയുടെ ഡിസാസ്റ്റർ മാനേജ്മെന്റ് സേനാംഗങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ നേതൃത്വമേറ്റെടുക്കുകയും ചെയ്തുവെന്നും ഓഫീസിൽ ജൂനിയർ സൂപ്രണ്ട്, ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ് തുടങ്ങിയവർ ഹാജരുണ്ടായിരുന്നുവെന്നും ജൂനിയർ സൂപ്രണ്ടിനും, ക്ലാർക്കിനും വേണ്ട നിർദ്ദേശങ്ങൾ നൽകി 13-ാം തീയതി രാവിലെ തിരികെയെത്താം എന്ന ഉദ്ദേശത്തോടെ ഉച്ചയോടുകൂടി തന്റെ സ്വദേശമായ തിരുവനന്തപുരത്തേക്ക് മടങ്ങുകയാണുണ്ടായതെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. 07.08.2019-ന് സെക്രട്ടറിയുടെ ചുമതല അസിസ്റ്റന്റ് സെക്രട്ടറിക്ക് കൈമാറാതെ സ്റ്റേഷൻ വിട്ടുപോയി എന്ന ആരോപണം വസ്തുതാവിരുദ്ധമാണെന്നും 07.08.2019-ൽ താൻ ഓഫീസിൽ ഹാജരുണ്ടായിരുന്നുവെന്നും എടവണ്ണ ഗ്രാമപഞ്ചായത്തിലെ ഓഗസ്റ്റ് മാസത്തെ ഹാജർ പുസ്തകം പരിശോധിച്ചാൽ താൻ ഓഫീസിൽ ഹാജരുണ്ടായിരുന്നു എന്ന് ബോധ്യപ്പെടാവുന്നതാണെന്നും അതികഠിനമായ കാലവർഷം മൂലം 08.08.2019-ന് രാത്രി മുതൽ മൊബൈൽ ഫോണിൽ സിഗ്നൽ ലഭിക്കാത്തതിനാൽ പുറംലോകവുമായി എല്ലാ ബന്ധങ്ങളും വിച്ഛേദിക്കപ്പെടുകയും ചെയ്തതിനാലാണ് 09.08.2019-ാം തീയതി മേലുദ്യോഗസ്ഥരുമായി ബന്ധപ്പെടാൻ കഴിയാതിരുന്നതെന്നും, 08.08.2019 മുതൽ 14.08.2019 വരെ B S N L മൊബൈൽ നെറ്റ്വർക്ക് എടവണ്ണ ടെലിഫോൺ എക്സ്ചേഞ്ച് പരിധിയിൽ പ്രവർത്തനക്ഷമമല്ലായിരുന്നുവെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. തെളിവായി BSNL JTO നൽകിയ കത്തിന്റെ പകർപ്പും ടിയാൻ ഹാജരാക്കിയിട്ടുണ്ട്.

തുടർന്ന് ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ മലപ്പുറം ജില്ലയിൽ 07.08.2019-ന് രാത്രി മുതൽ ആരംഭിച്ച മഴയോടനുബന്ധിച്ചുള്ള പ്രളയത്തിൽ ഏറെ ദുരിതം നേരിട്ട ഒരു ഗ്രാമപഞ്ചായത്താണ് എടവണ്ണ ഗ്രാമപഞ്ചായത്തെന്നും 08.08.2019 രാവിലെ മുതൽ തന്നെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വെള്ളം കയറി തുടങ്ങിയിരുന്നുവെന്നും ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആണെന്നിരിക്കെ ജില്ലാ ഭരണകൂടത്തിൽ നിന്നും പഞ്ചായത്ത് വകുപ്പിൽ നിന്നും കൃത്യമായ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നല്കിയിരുന്നിട്ടും 12.08.2019 മുതൽ ലീവ് അനുവദിക്കപ്പെട്ട സെക്രട്ടറി 11.08.2019 വരെ ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ജീവനക്കാർക്ക് കൃത്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുകയോ, സെക്രട്ടറിയുടെ ചാർജ്

കൈമാറുകയോ ഉണ്ടായിട്ടില്ലായെന്നും 09.08.2019-നും തുടർ ദിവസങ്ങളിലും ഗ്രാമപഞ്ചായത്ത് ഓഫീസ് സന്ദർശിച്ചപ്പോൾ ജീവനക്കാരിൽ നിന്നും പ്രസിഡന്റ് ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങളിൽ നിന്നും നേരിൽ അറിയാൻ കഴിഞ്ഞതായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ മേൽ പരാമർശിച്ച തരത്തിലുള്ള വീഴ്ച, ഉത്തരവാദിത്തപ്പെട്ട സ്ഥാനം വഹിക്കുന്ന ഒരു ഉദ്യോഗസ്ഥനിൽ നിന്നും ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത ഒന്നായി കണക്കാക്കുന്നുവെന്നും ഒരു സന്നിഗ്ധ ഘട്ടത്തിൽ തന്നിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതിലും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലും കുറ്റകരമായ വീഴ്ച ശ്രീ. ഫാസിൽ ഷായുടെ ഭാഗത്തുനിന്നും സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എടവണ്ണ ഗ്രാമപഞ്ചായത്തിലെ കണ്ടുതോട് വാർഡിൽ നിർമ്മാണം നടത്തിക്കൊണ്ടിരിക്കുന്ന സ്റ്റോൺ ക്രഷർ യൂണിറ്റിൽ ലാന്റ് ഡെവലപ് മെന്റ് പ്രവർത്തികളും പ്ലാൻ പ്രകാരമുള്ള പ്രവർത്തികളും പൂർത്തീകരിക്കുന്നതിനുമുമ്പ് നമ്പർ അനുവദിക്കുകയും, എടവണ്ണ ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ കെ.പി.ബി.ആർ. ചട്ടലംഘനം നടത്തി നിർമ്മിച്ച വാണിജ്യ കെട്ടിടത്തിലെ 5 മുറികൾക്ക് നമ്പർ അനുവദിച്ചതായുമുള്ള ആരോപണത്തിന് ശ്രീ. ഫാസിൽഷാ ലഭ്യമാക്കിയ മറുപടിയിൽ, എടവണ്ണ ഗ്രാമപഞ്ചായത്തിൽ കുണ്ടുപറമ്പ് ഫാത്തിമ മക്കൾ മുതൽ പേരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടം ക്രമവത്കരിച്ച് നൽകുന്നതിന് 26.05.2017-ന് അപേക്ഷ സമർപ്പിക്കുകയുണ്ടായിയെന്നും പ്രസ്തുത അപേക്ഷ സ്ഥലപരിശോധനക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എൻജിനീയർക്ക് കൈമാറി നല്കിയതിന്മേൽ അന്വേഷണം നടത്തി ഓവർസീയർ നൽകിയ റിപ്പോർട്ടിൽ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം മുൻവശം 3 മീറ്റർ വേണ്ടിടത്ത് 1.85 മീറ്റർ ദൂരപരിധി മാത്രമാണുള്ളതും, മഴവെള്ള സംഭരണി നിർമ്മിച്ചിട്ടില്ലെന്നും റിപ്പോർട്ട് നൽകുകയുണ്ടായിയെന്നും ആയത് പരിഗണിച്ച് അനധികൃതമായി നിർമ്മിച്ച കെട്ടിടഭാഗം പൊളിച്ചുമാറ്റാതിരിക്കാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് 11.07.2017-ന് അപേക്ഷകർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും നോട്ടീസിന് നൽകിയ മറുപടിയിൽ 2010-2011 വർഷത്തിൽ മുൻവശത്തെ റോഡിന്റെ വീതികൂട്ടലുമായി ബന്ധപ്പെട്ട് 1.80 മീറ്റർ വീതിയിലും 30 മീറ്റർ നീളത്തിലും സ്ഥലം വിട്ടുനൽകേണ്ടി വന്നതിനാലാണ് മുൻവശം മതിയായ സെറ്റ്ബാക്ക് ഇല്ലാതെ പോയതെന്ന് മറുപടി നൽകിയിട്ടുണ്ടെന്നും റോഡിന് സ്ഥലം വിട്ടുനല്കിയിട്ടുണ്ടെങ്കിൽ അത് സംബന്ധമായ രേഖകൾ ഹാജരാക്കുന്നതിനും മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനും നിർദ്ദേശിച്ച് 29.11.2017-ന് അപേക്ഷകർക്ക് വീണ്ടും നിർദേശം നൽകിയെന്നും എന്നാൽ റോഡിന് സ്ഥലം വിട്ട നൽകിയത് സംബന്ധിച്ച് പ്രത്യക രേഖകൾ ഒന്നുംതന്നെ ഹാജരാക്കാനില്ലെന്നും മഴവെള്ളസംഭരണി ഉടനെ നിർമ്മിക്കാമെന്നും അനധികൃത കെട്ടിടങ്ങൾക്ക് നൽകുന്ന തരത്തിലുള്ള നമ്പർ അനുവദിച്ച് നൽകണമെന്ന് അപേക്ഷിക്കുകയും കെട്ടിടനിർമ്മാണം അനധികൃതമാണെന്നതിനാൽ താത്കാലിക നമ്പർ അനുവദിക്കുന്നതിനായി അനധികൃത ഭാഗങ്ങൾ ഒരു വർഷത്തിനകം പൊളിച്ചുമാറ്റാൻ സന്നദ്ധമാണെന്ന് 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ സത്യവാങ്മൂലം സമർപ്പിച്ചത് പ്രകാരം 1994-ലെ കേരള പഞ്ചായത്ത് നിയമത്തിലെ സെക്ഷൻ 235 (എ.എ) അനുശാസിക്കുന്നപ്രകാരം കെട്ടിടത്തിന് 10/52 എ, ബി, സി, ഡി, ഇ എന്ന പ്രത്യേക യു.എ നമ്പർ അനുവദിച്ച് നൽകുകയും നികുതി ഈടാക്കുകയും ചെയ്യുകയുണ്ടായിയെന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 235 എ.എ വകുപ്പ് പ്രകാരം "ആ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്ത് തന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടികൾക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ആം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്ന തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു

നികുതിയായി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിലാണ് അനധികൃത കെട്ടിടത്തിന് പ്രത്യേക യു.എ. നമ്പർ അനുവദിച്ച് നൽകിയിട്ടുള്ളതും മൂന്നിരട്ടി നികുതി ഈടാക്കാൻ ഇടയായിട്ടുള്ളതുമെന്നും കൂടാതെ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടമായതിനാൽ കേരള പഞ്ചായത്ത് രാജ് നിയമം 235 എ.എ. (5)-ാം ഉപവകുപ്പ് അനുശാസിക്കുംപ്രകാരം കച്ചവടത്തിനോ വ്യവസായ ആവശ്യത്തിനോ മറ്റോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകിയിട്ടില്ലെന്നും എന്നാൽ മേൽ നമ്പർ അനധികൃത കെട്ടിടം വ്യാപാര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് വ്യാപാരസ്ഥാപനം ഉടനടി അടച്ചുപൂട്ടി അനധികൃതമായി നിർമ്മിച്ച കെട്ടിട ഭാഗം ഏഴ് ദിവസത്തിനുള്ളിൽ പൊളിച്ചുനീക്കണമെന്ന് കാണിച്ച് 25.07.2018-ൽ ബി1-3904/2017 നമ്പറായി നോട്ടീസ് നല്കിയിട്ടുണ്ടെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ക്രഷർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിൽ നമ്പർ അനുവദിച്ച് നൽകുമ്പോൾ കെട്ടിടത്തിൽ ഷീറ്റിട്ട മേൽക്കൂര സ്ഥാപിച്ചിട്ടുണ്ടായിരുന്നുവെന്നും നമ്പർ അനുവദിച്ച് കിട്ടിയതിന് ശേഷം മെഷിനറി ഇൻസ്റ്റാൾ ചെയ്യുന്നതിലേക്ക് മേൽക്കൂര ഇളക്കി മാറ്റുകയാണുണ്ടായതെന്നും അതിനാലാണ് മേൽക്കൂരയില്ലാത്ത കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകി എന്ന ആരോപണം ഉന്നയിക്കാൻ ഇടയായിട്ടുള്ളതെന്നും ക്രഷർ യൂണിറ്റിന്റെ അപേക്ഷയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഫയൽ കൈമാറിയിരുന്നതാണെന്നും അറിയിച്ചു. എന്നാൽ ഓവർസീയറാണ് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി നൽകിയതെന്നും ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ജോലിഭാരം കണക്കിലെടുത്ത് 15.06.2013-ലെ 32131/RA1/2012/LSGD നമ്പർ സർക്കുലർ പ്രകാരം 300 m2-ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറും 150 M2 -ന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ഓവർസീയറും സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചാൽ മതിയെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടെന്നും ആയതിനാലാണ് 151.91 M2 ഉള്ള കെട്ടിടത്തിന് നമ്പർ അനുവദിച്ച് നൽകിയതെന്നും കൂടാതെ അന്വേഷണ റിപ്പോർട്ടിന്മേൽ സെക്ഷൻ ക്ലാർക്ക് നോട്ട് എഴുതി, വാർഡ് ക്ലാർക്ക് പരിശോധിച്ച് റിപ്പോർട്ട് എഴുതി, സൂപ്രണ്ട് പരിശോധിച്ച് അംഗീകരിച്ചാണ് കെട്ടിട നമ്പർ അനുവദിച്ച് നൽകിയതെന്നും ബോധിപ്പിച്ചിട്ടുണ്ട്.

ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ എടവണ്ണ ഗ്രാമപഞ്ചായത്തിൽ പത്താം വാർഡിൽ ശ്രീമതി. ഫാത്തിമ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള 194.08 സ്ക്വയർ മീറ്റർ ഉള്ള വാണിജ്യ കെട്ടിടം നിർമ്മിച്ചപ്പോൾ കെ.പി.ബി.ആർ ചട്ടം 28 (1), 220 ബി എന്നിവ പാലിച്ചിരുന്നില്ലെന്നും ടി കെട്ടിടം റോഡിന് സമാന്തരമായി ഒരു ഭാഗത്ത് റോഡരുകിൽ നിന്ന് 3.8 മീറ്ററും മറ്റേ അറ്റത്ത് 2 . 5 മീറ്ററുമാണ് അകലം ഉള്ളതെന്ന് പരിശോധനാ വേളയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും സ.ഉ (സാധാ) നം. 149/2012/തസ്വഭവ തീയതി 04.06.2012 നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് രാജ് നിയമം 235 (എഎ) 235 ഡബ്ല്യു എന്നീ വകുപ്പുകളിൽ അനുശാസിച്ചിട്ടുള്ള നടപടികൾക്ക് വിധേയമായി 100 ച.മീറ്റർ വരെ ഉള്ള അനധികൃതമായി നിർമ്മിച്ച വാസഗൃഹങ്ങൾക്ക് മാത്രം താത്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാർക്ക് അധികാരം നൽകിയിട്ടുണ്ടെന്നും എന്നാൽ എടവണ്ണ ഗ്രാമപഞ്ചായത്തിൽ 10/52 എ മുതൽ 10/52 ഡി വരെ നമ്പറുകളിലുള്ള (യു.എ നമ്പർ നൽകിയ) വാണിജ്യാവശ്യത്തിനായുള്ള കെട്ടിടത്തിന് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് നൽകിയ സെക്രട്ടറിയുടെ നടപടി നിയമാനുസൃതമല്ലായെന്നും ക്രമവത്കരണ റിപ്പോർട്ടിൽ അസിസ്റ്റന്റ് എൻജിനീയർ ഒപ്പിടേണ്ടതിന് പകരം ഓവർസീയർ മാത്രം തീയതി രേഖപ്പെടുത്താതെ ഒപ്പ് വച്ചിരുന്നത് സെക്രട്ടറി പരിഗണിച്ച് നടപടി കൈക്കൊണ്ടതായും ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും കൂടാതെ അപ്രകാരം

അനുവദിച്ച ഓണർഷിപ്പ് സർട്ടിഫിക്കറ്റിൽ അൺഓതറൈസ്ഡ് നമ്പറാണ് എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതും മേൽ പരാമർശിച്ച നിയമവിരുദ്ധ നടപടിയിൽ ശ്രീ. ഫാസിൽ ഷാ യ്ക്ക് സങ്കുചിതമായ താല്പര്യം ഉണ്ടായിരുന്നതായി സംശയിക്കത്തക്കതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എടവണ്ണ ഗ്രാമപഞ്ചായത്തിൽ ശ്രീമതി. പി.കെ. റസിയ എന്നവരുടെ ഉടമസ്ഥതയിലുള്ള ക്രഷർ യൂണിറ്റ് നിർമ്മാണത്തിന്റെ ഭാഗമായി കുന്നിടിച്ചതിന്റെ ഫലമായി മഴക്കാലത്ത് മണ്ണ് ഒലിച്ചിറങ്ങുന്നത് തടയുവാൻ പൂർണ്ണമായും സൈഡുകൾ കെട്ടി സംരക്ഷിച്ചില്ല എന്നും നിർമ്മിച്ച കെട്ടിടത്തിന് മേൽക്കൂര ഉള്ളതായി കാണാൻ സാധിച്ചില്ല എന്നും ഫയർ എൻജിൻ സ്ഥലത്തെത്തുന്നതിന് 7 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ചില്ല എന്നും പരിശോധനാ വേളയിൽ കണ്ടെത്തിയിട്ടുള്ളതാണ്. ലാൻഡ് ഡെവലപ് മെന്റ് പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ പ്രവർത്തി പൂർത്തീകരിക്കാത്ത കെട്ടിടത്തിന് നമ്പർ നൽകിയ സെക്രട്ടറിയുടെ നടപടി നിലവിലുള്ള ചട്ടങ്ങളുടെ ലംഘനമാണ് മാത്രമല്ല അത് ന്യായീകരിക്കാൻ കഴിയുന്നതുമല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപിതനായ ശ്രീ. ഫാസിൽ ഷായുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ വളരെ ഗുരുതരമായതും ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതുമാണ്. എങ്കിലും കുറ്റാരോപിതൻ 22.08.2019 മുതൽ സസ്പെൻഷനിൽ തുടരുന്നതിനാൽ, ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കാവുന്നതാണെന്നു കാണുന്നു. ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഫാസിൽഷാ ഐ.യെ ജോലിയിൽ പുനഃപ്രവേശിപ്പിച്ച് ടിയാൻ അവസാനമായി ജോലിനോക്കിയിരുന്ന ജില്ലയ്ക്ക് പുറത്ത് നിയമനം നൽകുന്നതിനും അതോടൊപ്പം ടിയാനെതിരായ അച്ചടക്കനടപടിയിൽ തുടർനടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. ഫാസിൽഷാ ഐ, (മുൻ സെക്രട്ടറി, എടവണ്ണ ഗ്രാമപഞ്ചായത്ത്)

   റ്റി.സി. നം.20/1543(I), ശാസ്ത്രീനഗർ വെസ്റ്റ്-41, കരമന പി.ഒ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/315/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ